# ഉമ്മാ...
# ഞാൻ മൂന്നാം ക്ലാസിലേക്ക് ജയിച്ചു

സൽമ മോൾ ഓടി വരുന്നതു കണ്ട് ഉമ്മ ചോദിച്ചു. "എന്തു പറ്റി മോളേ, ഇങ്ങനെ ഓടിക്കിതച്ചതെന്തിനാണ്."

"ഉമ്മാ ഞാൻ മദ്റസയിൽ മൂന്നാം ക്ലാസിലേക്കു ജയിച്ചു."

"അൽഹം ദുലില്ലാഹ്." ഉമ്മ മകളെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു.

"എവിടെ ഉപ്പ."

"ഉപ്പ ക്വുർആൻ പരിഭാഷ വായിക്കുകയാണ്."

സൽമ ഉപ്പയുടെ മുറിയിലേക്കു പോയി. "അസ്സലാമു അലൈകും. ഞങ്ങളുടെ ക്ലാസ്സിലെ എല്ലാവരും മൂന്നാം ക്ലാസിലേക്കു ജയിച്ചുപ്പാ."

"അല്ലാഹുവിന്നു സ്തുതി. നിങ്ങളെല്ലാവരും നല്ല കുട്ടികളാണെന്നു മനസ്സിലായി. ജയിച്ചെങ്കിലും രണ്ടിലെ പാഠങ്ങൾ ഒരിക്കൽക്കൂടി വായിക്കണം. അതിലെ കാര്യങ്ങൾ മറക്കരുത്. പ്രത്യേകിച്ചും വിശ്വാസകാര്യങ്ങൾ. മോള് ഉമ്മയെ വിളിക്കൂ."

സൽമ ഉമ്മയെ വിളിക്കാനൊരുങ്ങുന്നതിനു മുമ്പേ ഉമ്മ ഉപ്പയുടെ അടുത്തെത്തി.

"ഇവളു ജയിച്ചല്ലോ. ആ വകയിൽ നല്ല ഒരു പായസമുണ്ടാക്കിക്കൊടുക്കൂ." സൽമയുടെ മനസ്സു മധുരിച്ചു. പായസമുണ്ടാക്കുന്നതുകൊണ്ടല്ല മനസ്സു മധുരിച്ചത്. ഉപ്പയുടെയും ഉമ്മയുടെയും അഭിനന്ദനങ്ങൾകൊണ്ട്.

"ഉപ്പ പറഞ്ഞല്ലോ, വിശ്വാസ പാഠങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന്. എന്താ അതിന്റെ കാരണം."

സൽമ ഉപ്പയോടു അത് വ്യക്തമാക്കികൊടുക്കാൻ ആവശ്യപ്പെട്ടു.

"വെരിഗുഡ്. ഇങ്ങനെയായിരിക്കണം വിദ്യാർത്ഥികൾ. വിദ്യ അന്വേഷിച്ചു പഠിക്കണം. അധ്യാപകർ പറയുന്നതു മാത്രം പഠിച്ചാൽ പോരാ. ഇനി കേട്ടട്ടോളൂ. വിശ്വാസം ശരിയായാൽ മാത്രമേ എത്ര വലിയ സൽകർമങ്ങൾ ചെയ്തിട്ടും കാര്യമുള്ളൂ. ലക്ഷക്കണക്കിന് രൂപ പാവങ്ങളുടെ

സംരക്ഷണത്തിനു ചെലവഴിക്കുന്ന ഒരാൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നില്ലെങ്കിൽ അയാളുടെ ദാനധർമംകൊണ്ട് പരലോകത്ത് ഒരു നേട്ടവുമില്ല. നേട്ടമില്ലെന്നു മാത്രമല്ല അല്ലാഹു അയാളെ ശിക്ഷിക്കുകയും ചെയ്യും. മോൾ വിശ്വാസ കാര്യങ്ങൾ രണ്ടാം ക്ലാസിൽ പഠിച്ചിട്ടില്ലേ?''

''ഉണ്ട്. ഞാൻ പറയാം. അല്ലാഹുവാണ് ഭൂമിയും ആകാശങ്ങളും അവക്കിടയിലുള്ള എല്ലാറ്റിനെയും സൃഷ്ടിച്ചത്. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ. അവനിൽ ആരെയും പങ്കുചേർക്കരുത്. എല്ലാ നബിമാരും ഇക്കാര്യം ജനങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ അടിത്തറയാണ് ആ വിശ്വാസം.''

''നല്ല ഉത്തരം. മോൾ അധ്യാപകർ പഠിപ്പിച്ചത് നന്നായി ശ്രദ്ധിച്ചിട്ടുണ്ട്.''

സൽമക്ക് സന്തോഷമായി. മകളുടെ മുഖം തിളങ്ങുന്നതു കണ്ടപ്പോൾ ഉപ്പക്കും സന്തോഷമായി. അതിനിടയിൽ ഉമ്മ രണ്ടു ലഡുവുമായി വന്നു.

''പായസം അടുപ്പത്തുവെച്ചിട്ടുണ്ട്. അതിനിടക്ക് ഉപ്പയും മോളും ഇതു തിന്നോളൂ.''

ലഡു തിന്നശേഷം ഉപ്പ പറഞ്ഞു. ''എനിക്ക് അല്പംകൂടി വായിക്കാനുണ്ട്. നീ മോൾക്ക് വിശ്വാസ കാര്യങ്ങളെന്തെല്ലാം അറിയാമെന്നുപരിശോധിക്കൂ.''

സൽമയെ ഉമ്മ മറ്റൊരു മുറിയിലേക്ക് കൊണ്ടുപോയി. സൽമ വിശ്വാസ കാര്യങ്ങൾ ഉമ്മക്ക് പറഞ്ഞുകൊടുത്തു.

- അല്ലാഹുവിൽ വിശ്വസിക്കുക
- മലക്കുകളിൽ വിശ്വസിക്കുക
- കിതാബുകളിൽ വിശ്വസിക്കുക
- റസൂലുകളിൽ വിശ്വസിക്കുക
- അവസാന നാളിൽ വിശ്വസിക്കുക
- വിധിയിൽ (ക്വദ്റിൽ) വിശ്വസിക്കുക

''എല്ലാം മോൾക്ക് ഓർമ്മയുണ്ടല്ലോ. നല്ല കാര്യം. ഇപ്പറഞ്ഞ ഈമാൻ കാര്യങ്ങളിൽ വിശ്വസിച്ചാൽ മാത്രമേ ഇസ്‌ലാം കാര്യങ്ങൾ നിർവഹിച്ചതു കൊണ്ട് ഗുണമുണ്ടാവുകയുള്ളൂ.''

ഇത്രയും പറഞ്ഞു പായസം പാകമായോ എന്നു പരിശോധിക്കാൻ ഉമ്മ അടുക്കളയിലേക്കു പോയി. അപ്പോൾ സൽമ ചിന്തിച്ചു. എത്ര നല്ല ഉപ്പയും ഉമ്മയും. ക്വുർആനും ക്വുർആൻ പരിഭാഷയും മതപ്രസിദ്ധീകരണങ്ങളുമെല്ലാം നന്നായി വായിക്കും. മദ്റസയിലെ അധ്യാപകർ പഠിപ്പിക്കുന്ന എല്ലാ കാര്യങ്ങളും ഉപ്പക്കും ഉമ്മക്കും അറിയാം. അല്ലാഹു എന്റെ ഉപ്പക്കും ഉമ്മക്കും നന്മകൾ വരുത്തട്ടെ.

സൽമ ഉപ്പയുടെ മുറിയിലേക്കു പോയി. ഉമ്മ പായസവുമായി വന്നു. മൂന്നുപേരും പായസം കുടിച്ചു.

"മോൾ വിശ്വാസ കാര്യങ്ങൾ ഒന്നും മറന്നിട്ടില്ല. ഇനി ഇസ്ലാം കാര്യങ്ങൾ ഒന്നു ചോദിച്ചുനോക്കൂ."

സൽമ പറയാൻ തുടങ്ങി.

- അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹി എന്ന ശഹാദത്തു കലിമ.
- അഞ്ചുനേരത്തെ നമസ്കാരം
- സകാത്ത്
- നോമ്പ്
- ഹജ്ജ്

ഉപ്പ മകളുടെ തലയിൽ തടവി. പുറം ഉഴിഞ്ഞു. "നല്ല കുട്ടി. മോൾക്ക് അല്ലാഹു നല്ല അറിവുകൾ വർധിപ്പിച്ചുതരട്ടെ. ഇനി പുറത്തുപോയി കുറച്ചുനേരം കളിച്ചോളൂ."

**ഇ.കെ.എം. പന്നൂർ**